## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2782** — **10.07.2015-ൽ മറുപടിക്ക്**

**മാലിന്യ സംസ്കരണ പ്ലാന്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശുചിത്വ മിഷൻ വഴി എത്ര പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 74 പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പൊതു പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതു പ്ലാന്റുകൾക്കായി ആകെ 3.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തന സജ്ജമായി ഉണ്ട്; ബാക്കിയുള്ളവയുടെ പ്രവർത്തനം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഭൂരിഭാഗവും പ്രവർത്തന സജ്ജമാണ്. അടച്ചുപൂട്ടപ്പെട്ടവയുടെ കാര്യത്തിൽ പരിസരവാസികളുടെ എതിർപ്പാണ് പ്രവർത്തനം നിലയ്ക്കാനുള്ള കാരണം. |
| (സി) മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; മാലിന്യ സംസ്കരണം നടപ്പാക്കാത്തതിന്ന് പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (സി) പൊതു മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്ത 904 പഞ്ചായത്തുകൾ നിലവിലുണ്ട്. പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

(ഡി) മാലിന്യ സംസ്കരണത്തിന് എല്ലാ പഞ്ചായത്തുകളേയും മുന്നിട്ടിറക്കുന്ന എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിലൂടെ നടപ്പാക്കുക എന്ന് വിശദമാക്കാമോ?

(ഡി) ഉണ്ട്.

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മാലിന്യ സംസ്കരണത്തിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സഹായവും തയ്യാറാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു.

ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് പൊതു പ്ലാന്റ്, കമ്യൂണിറ്റിതലത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗാർഹിക തല മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പുന:ചംക്രമണ മൂല്യമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച്, തരംതിരിച്ച്, പുനരുപയോഗം/പുന:ചംക്രമണത്തിനായി നൽകുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി, സാനിട്ടറി ലാൻഡ്ഫിൽ, ദ്രമാലിന്യ പരിപാലന സംവിധാനം എന്നി പദ്ധതികൾവിഭാവനം ചെയ്ത് നിലവിൽ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ